# സൺഡേസ്കൂൾ പാഠാവലി

## ക്ലാസ്സ് IX

brethren
sunday
school

## പ്രസാധകർ
## ബ്രദ്റൺ സൺഡേസ്കൂൾ കമ്മറ്റി

# സൺഡേസ്ക്കൂൾ പാഠാവലി

## പാഠം 1

## ബൈബിൾ

**കേന്ദ്രവിഷയം** (Central Truth) " എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതാകുന്നു" (2 തിമോ. 3:16,17)

**താക്കോൽ വാക്യം** (Key verse).

" ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നത് എന്തെന്നാൽ അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ബാധകളെ ദൈവം അവന്നു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും". (വെളി 22: 18,19)

മനുഷ്യരോടുള്ള ദൈവത്തിന്റെ വെളിപ്പാടു രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥമാണു ബൈബിൾ. ഇതിൽ 66 പുസ്തകങ്ങൾ ഉണ്ടെങ്കിലും ഒറ്റ ഗ്രന്ഥമാണ്. മനുഷ്യന്റെ വീണ്ടെടുപ്പ് എന്നതു ബൈബിളിലെ അതിപ്രധാനമായ വിഷയങ്ങളിൽ ഒന്നാണ്.

ബൈബിൾ എന്ന വാക്കിനു The Book എന്നാണ് അർത്ഥം. ഗ്രിക്കീൽ "ta biblia" എന്നു പറഞ്ഞുവരുന്നു. പുരാതന കാലത്ത് ലിൻഡൻ (Lindon) എന്ന വൃക്ഷത്തിന്റെ വേരിന്റെ ഉൾത്തൊലിയിലായിരുന്നു എഴുത്ത് തുടങ്ങിയത്. അതിന്റെ പേരുതന്നെയാണ് ബൈബിളിനും ലഭിച്ചത്. അഞ്ചാം നൂറ്റാണ്ടിനു മുമ്പുള്ള കൈയ്യെഴുത്തുപ്രതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ദൈവത്തിന്റെ വെളിപ്പാടു രേഖപ്പെടു

ത്തിയിരിക്കുന്നതുകൊണ്ട് ഇതിനു തിരുവെഴുത്തുകൾ (Holy Scriptures) എന്നും പറഞ്ഞുവരുന്നു.

പഴയതും പുതിയതുമായ നിയമങ്ങൾ എന്ന രണ്ടു പ്രധാനഭാഗങ്ങൾ വിശുദ്ധ വേദത്തിനുണ്ട്. പഴയപുതിയ നിയമങ്ങൾക്കിടയിൽ ഏകദേശം 400 വർഷത്തെ ഇടവേളയുണ്ട്. 66 പുസ്തകങ്ങളുള്ളതിൽ 39 എണ്ണം പഴയനിയമത്തിലും 27 പുതിയ നിയമത്തിലുമാണ്. അറിയപ്പെട്ടിട്ടുള്ള എല്ലാ സാഹിത്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ട് ഇതൊരു ഗ്രന്ഥശാലതന്നെയാണ്. ഇവയിൽ 22 പുസ്തകങ്ങൾ ചരിത്രപരവും 5 കവിതയും 18 പ്രവചനങ്ങളും 21 ലേഖനങ്ങളുമാണ്. ഇവയിൽ തത്വശാസ്ത്രം, കവിത, ഗീതങ്ങൾ, ചരിത്രം, ജീവചരിത്രങ്ങൾ, കഥകൾ, ഉപമകൾ, പ്രസംഗങ്ങൾ, നിയമം, തത്വജ്ഞാനം എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു.

എഴുത്തുകാർ നാല്പതിലധികം പേരുണ്ട്. മൂന്നു ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെയും സ്പർശിച്ച് എബ്രായ, അരാമ്യ (കൽദായ), ഗ്രീക്ക് എന്ന മൂന്ന് ഭാഷകളിൽ എഴുതിയിട്ടുള്ളതാണ് ബൈബിൾ. എഴുതിയവരിൽ രാജാക്കന്മാർ, കൃഷിക്കാർ, ചുങ്കക്കാർ, വൈദ്യൻ, ധനവാന്മാർ, ദരിദ്രർ, പട്ടണവാസികൾ, ഗ്രാമീണർ എന്നിവരെല്ലാം ഉൾപ്പെടുന്നു. വിശുദ്ധ വേദപുസ്തക രചനയ്ക്ക് ഏകദേശം 1600 വർഷങ്ങൾ വേണ്ടിവന്നു.

പാപത്തിൽ വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പാണ് ഉല്പത്തി മുതൽ വെളിപ്പാടു വരെയുള്ള ബൈബിളിലെ പ്രധാന വിഷയം. ഒരു പിതാവ് തന്റെ മക്കളോട് സ്നേഹപൂർണ്ണമായി ഇടപെടുന്ന വിധത്തിലാണ് ആദ്യവസാനം ബൈബിളിലെ പ്രതിപാദനം.

പഴയനിയമം എബ്രായ ഭാഷയിൽ എഴുതപ്പെട്ടു. എസ്രായുടെ ചില ഭാഗങ്ങൾ, ദാനിയേൽ പ്രവചനം ഇവ കൽദായ ഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. പുതിയനിയമം എഴുതപ്പെട്ടതു പൂർണ്ണമായും ഗ്രീക്കു ഭാഷയിലുമാണ്.

പത്താം നൂറ്റാണ്ടിനു മുമ്പുള്ള യാതൊരു എബ്രായ കൈയ്യെഴുത്തു പ്രതിയും ഇന്നു ലഭ്യമല്ല. എന്നാൽ സെപ്റ്റുവജിന്റ് (Septuagint) എന്നു പേരുള്ള ഗ്രീക്കുതർജ്ജിമ ക്രിസ്തുവിനു ഏകദേശം 300 വർഷത്തിനു മുൻപുവരെ പഴക്കമുള്ളതാണ്. ഇപ്പോഴുള്ള എബ്രായ ബൈബിൾ മാസോറാ എന്നു (Masora) പേരുള്ള പതിപ്പുകളിൽ നിന്നെടുത്തതാണ്. ഗ്രീക്കു പുതിയ നിയമത്തിന്റെ പുരാതന ലിഖിതങ്ങൾ പലതും ലഭ്യമാണ്. വലിയ അച്ചടി അക്ഷരത്തിൽ മാത്രം എഴുതിയിട്ടുള്ള യൂണിക്കൽസ് (Unicals) എന്നതും കൈയ്യക്ഷരത്തിൽ മാത്രം എഴുതിയിട്ടുള്ളതുമുണ്ട്.

അവയിൽ പ്രധാനമായവ

1. **അലക്സാന്ത്രിയൻ പ്രതി** (Alexandrian). ഇതു ഈജിപ്തിലുള്ള അലക്സാന്ത്രിയ പട്ടണത്തിൽ നിന്നും AD 1628 നിന്നും ൽ ലഭിച്ചതാണ്. AD350 ൽ ഇത് എഴുതപ്പെട്ടു. ഈ പ്രതി ഇന്നു ഇംഗ്ലണ്ടിലെ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.
2. **വത്തിക്കാൻ പ്രതി** (The Vathican). റോമിലെ വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് AD 300 നും 325 നും മദ്ധ്യേയുള്ളതെന്നു കരുതപ്പെടുന്നു.
3. **സീനാറ്റിക് പ്രതി** (The Sinatic). സീനായ് മലയിൽ നിന്ന് 1884 ൽ ലഭിച്ചു. റഷ്യയിലുള്ള St. Petersburg ൽ സൂക്ഷിച്ചിരിക്കുന്നു. ഏറ്റവും പുരാതനമായ ഗ്രന്ഥമാണ് ഇതെന്നു കരുതപ്പെടുന്നു.

പഴയനിയമം ഗ്രീക്കു ഭാഷയിൽ വിവർത്തനം ചെയ്തത് ആഇ 286 ൽ അലക്സാന്ത്രിയാ പട്ടണത്തിൽ വച്ച് ഒരു സംഘം യഹൂദപണ്ഡിതരാണ്. എഴുപതുപേരടങ്ങിയ സംഘം എന്ന പേരിൽ ഇത് ദി സെവന്റി (The Seventy) എന്ന് അറിയപ്പെടുന്നു. AD 385 മുതൽ 405 വരെയുള്ള വർഷങ്ങളിൽ ജെറോം ഇതിനെ ലത്തീൻ ഭാഷയിൽ തർജ്ജമ ചെയ്തു. അതാണ് ഇന്നത്തെ റോമാസഭയുടെ അംഗീകരിക്കപ്പെട്ട ദി വൾഗേറ്റ് (The Valgate) എന്നു പറയുന്ന പതിപ്പ്.